## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1959** — **17.06.2013 ൽ മറുപടിയ്ക്ക്**

### സംരംഭകത്വ പരിശീലന പരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ** | **കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജനകാര്യ വകുപ്പ് നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന സംരംഭകത്വ പരിശീലന പരിപാടികൾ എന്തൊക്കെ; വ്യക്തമാക്കുമോ ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ? | (എ) & (ബി) യുവജനക്ഷേമ ബോർഡ് സംരംഭകത്വ പരിശീലന പരിപാടികൾ നിലവിൽ നടത്തുന്നില്ല. എന്നാൽ, യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നവീനമായ ഒരു പദ്ധതി തുടങ്ങാൻ യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. സംരംഭകത്വ വികസനരംഗത്ത് മുപ്പത് വർഷത്തെ പ്രവർത്തന പരിചയമുള്ള അന്തർദേശീയതലത്തിൽ തന്നെ അംഗീകാരം നേടിയ സ്വയംഭരണസ്ഥാപനമായ Entrepreneurship Development Institute of India യുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>പ്രീ -ട്രെയിനിംഗ്, ട്രെയിനിംഗ്, മെന്ററിംഗ് എന്നീ മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഒരു ബാച്ചിൽ 25 – 35 പേരെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒരു ജില്ലയിൽ ആദ്യവർഷം 6 ബാച്ചിനാണ് 4 ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും ആദ്യവർഷം 150 പേരെയാണ് ഇത്തരത്തിൽ പരിശീലനം നൽകി നവസംരംഭകരായി വാർത്തെടുക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ 3 ജില്ലകളിലാണ് ഈ പരിപാടി നടപ്പാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ